# സമഗ്ര ഗുണമേന്മ പദ്ധതി

# ആസൂത്രണ രേഖ

# 2025- 26

# ജി വി എച്ച് എസ് എസ്

# ഇലഞ്ഞൂർ

## ആമുഖം

പൊതുവിദ്യാലയങ്ങളിൽ അക്കാദമികമികവും ഗുണനിലവാരവും ഉറപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സമഗ്ര ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും കാര്യക്ഷമമായരീതിയിൽ ഇലന്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, മൂല്യനിർണയ പരിഷ്കരണം, പഠന പിന്തുണ പ്രവർത്തനങ്ങൾ, പഠന പോഷണ പരിപാടികൾ, നൂതന പരീക്ഷ രീതികൾ നിരന്തരവിലയിരുത്തൽ,സാങ്കേതികവിദ്യയുടെസഹായത്തോടെയുള്ള പഠനം, പിടിഎ, എസ് എം സി, സമൂഹത്തിലെ മറ്റു വകുപ്പുകൾ, സ്ഥാപനങ്ങൾ, സമിതികൾ എന്നിവയിലെ അംഗങ്ങളുടെ സഹകരണം ഉറപ്പാക്കൽ, ഓരോ ക്ലാസ് റൂമിലും എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ തുടങ്ങി സമഗ്ര ഗുണമേന്മ

പദ്ധതിയുടെ ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ 2024-25 അധ്യയന വർഷം തന്നെ ആരംഭിച്ചു കഴിഞ്ഞു. 2025 മാർച്ചിൽ നടന്ന വാർഷിക പരീക്ഷയിൽ എട്ടാം ക്ലാസിലെ മിനിമം മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് ഏപ്രിൽ മാസം പഠന പിന്തുണ ക്ലാസുകൾ സ്കൂളിലെ അധ്യാപകർ നൽകുക വഴി എട്ടാം ക്ലാസിലെ എല്ലാ കുട്ടികൾക്കും എല്ലാ വിഷയങ്ങൾക്കും വിജയിക്കാൻ സാധിച്ചു.

2025 26 അധ്യയനവർഷം കുട്ടികളുടെ സമഗ്ര വികാസം ലക്ഷ്യം വെച്ചുകൊണ്ട് സ്കൂൾ പിടിഎ ,എസ് എം സി ,എസ് ആർ ജി യോഗങ്ങൾ ചേർന്ന് സമഗ്ര ഗുണമേന്മ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു

കുട്ടികളിൽ നൂതന ആശയങ്ങൾ രൂപപ്പെടുത്തുന്നതിനും നൂതന ചിന്ത പരിപോഷിപ്പിക്കുന്നതിനും സഹായിക്കുന്ന രീതിയിൽ പാഠഭാഗങ്ങളുമായി ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തത് മാറുന്ന കാലഘട്ടത്തിലെ കുട്ടികളുടെ പ്രകൃതം, മനശാസ്ത്ര സമീപനം, കുട്ടികളുടെ മാനസികാരോഗ്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും, പുതിയ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയ ആരോഗ്യ കായിക വിദ്യാഭ്യാസം തൊഴിൽ ഉദ്ഗ്രഥന വിദ്യാഭ്യാസം കലാ വിദ്യാഭ്യാസം എന്നിവയ്ക്കും ഊന്നൽ നൽകുന്ന വിധത്തിലാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

സമഗ്ര ഗുണമേന്മ പദ്ധതി പ്രകാരം പാഠ്യ വിഷയങ്ങൾക്കൊപ്പം കുട്ടികളുടെ സമഗ്രവികാസം ലക്ഷ്യം വെച്ച് ജൂൺ 3 മുതൽ 13 വരെയുള്ള തീയതികളിൽ ലഹരി വിരുദ്ധ ബോധവൽക്കരണം ,റോഡ് സുരക്ഷ ,വ്യക്തിത്വം, പരിസര ശുചിത്വം, ആരോഗ്യം

വ്യായാമം ,കായികക്ഷമത, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം തുടങ്ങി വിവിധ വിഷയങ്ങളിൽ പ്രത്യേക ടൈംടേബിൾ പ്രകാരം ബോധവൽക്കരണ ക്ലാസുകൾ നൽകാനും ഇതിന്റെ തുടർച്ച എന്ന നിലയിൽ 2025-26 അധ്യയന വർഷം മുഴവൻ നീണ്ടുനിൽക്കുന്ന പ്രവർത്തന പദ്ധതികൾ സവിശേഷ ദിനാചരണങ്ങൾ ,പഠന വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെടുത്തി നടപ്പിലാക്കാനും തീരുമാനിച്ചു

# സമഗ്രഗുണമേന്മപദ്ധതി

# ആസൂത്രണ രേഖ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ഭൗതീകം |
|---|---|---|---|---|
| അക്കാദമിക മികവ് | പ്രീടെസ്റ്റ്, എഴുത്ത്,വായന അടിസ്ഥാന ഗണിതം പഠനപരിപോഷണം, പിന്തുണപ്രവർത്തനങ്ങൾ ഓരോകുട്ടിയുടെയും പഠനപുരോഗതി രേഖ തയ്യാറാക്കൽ | ജൂൺ-മാർച്ച് | അദ്ധ്യാപകർ | പാഠപുസ്തകങ്ങൾ, ക്ലബ്ബ്പ്രവർത്തനങ്ങൾ, ഐ സി റ്റി സാധ്യത |

| | | | | |
|---|---|---|---|---|
| ലഹരിവിരുദ്ധ ബോധവത്ക്കരണം | ജൂൺ26 പ്രത്യേക അസംബ്ലി,ലഹരിവിരുദ്ധപ്രതിജ്ഞ,വിമുക്തി, ജാഗ്രത, SPG ഗ്രൂപ്പ്എന്നിവരുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ് | ജൂൺ മാർച്ച് | -വിമുക്തി ക്ലബ്ബ്,SPG ജാഗ്രത സമിതി ,SMC, PTA | എക് സൈസ് പോലീസ് തദ്ധേശസ്ഥാപനങ്ങൾ ആരോഗ്യവകുപ്പുകൾ എന്നിവരുടെ സഹകരണം |
| പരിസ്ഥിതി സംരക്ഷണം | ജൂൺ5 പരിസ്ഥിതി ദിനംപ്രത്യേക അസംബ്ലി,പരിസര ശുചീകരണം,അടുക്കളത്തോട്ടനിര്മ്മാണം, വിദ്യാവനംസന്ദർശനം, പരിപാലനം | എക്കോ ക്ലബ്ബ്, ഫോറസ്ട്രി ക്ലബ്ബ് | ജൂൺ-മാർച്ച് | കൃഷി വകുപ്പ്,വനവകുപ്പ്,തദ്ധേശസ്ഥാപനങ്ങൾ എന്നിവരുടെ സഹകരണം |
| ആരോഗ്യ സംരക്ഷണം | വ്യക്തി ശുചിത്വംആരോഗ്യ ശീലങ്ങൾ ബോധവത്ക്കരണം കായിക പരിശീലനം സൂംബ പരിശീലനം യോഗ പരിശീലനം | ഹെൽത്ത്ക്ലബ്ബ് | ജൂൺ-മാർച്ച് | ആരോഗ്യവകുപ്പിന്റെ സഹകരണം കായികഅദ്ധ്യാപകൻ,യോഗ പരിശീലകൻ എന്നിവരുടെ |

| | | | | |
|---|---|---|---|---|
| റോഡ് സുരക്ഷ | ട്രാഫിക് നിയമങ്ങൾ ബോധവത്ക്കരണ ക്ലാസ്, | അദ്ധ്യാപകർ ട്രാഫിക് ഉദ്ധ്യോഗസ്ഥർ | ജൂൺ മാസം | സേവനം, ട്രാഫിക് നിയമപാഠങ്ങൾ |
| ഡിജിറ്റൽ അച്ചടക്കം | കുട്ടികൾക്കും,രക്ഷിതാക്കൾക്കുംസൈബർ സുരക്ഷ ബോധവത്ക്കരണ ക്ലാസ് ഡിജിറ്റൽ ഉപകരണങ്ങളുടെ പ്രായോഗിക പരിശീലനം | ഐ സി റ്റി അദ്ധ്യാപകർ | ജൂൺ-മാർച്ച് | SPG ,ORC, CWC കൗൺസിലർ തുടങ്ങി വിദഗ്ദരുടെ സേവനം |
| പൊതുമുതൽ സംരക്ഷണം, പരസ്പര സഹകരണം | ബോധവത്ക്കരണ ക്ലാസ് | കൗൺസിലർ അദ്ധ്യാപകർ | ജൂൺ-മാർച്ച് | പാഠപുസ്തക ബന്ധിത പ്രവർത്തനങ്ങൾ |